(12) (1) നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്

2016 നവംബർ 9-ാം തീയതി 1995-ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175(1) പ്രകാരം ഓരോ തലത്തിലുമുള്ള പഞ്ചായത്തുകൾ ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും തൊട്ടടുത്ത വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണെന്നും എന്നാൽ ആക്ടിലെ വിവക്ഷ പ്രകാരം വികസന പദ്ധതി തയ്യാറാക്കേണ്ട രീതി സംബന്ധിച്ച് ഇതുവരെ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വ്യവസ്ഥാപിതമല്ലാത്ത രീതിയിലാണ് വികസന പദ്ധതികൾ തയ്യാറാക്കുന്നതെന്നും ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് കടക്കുന്ന അവസരത്തിൽ ചട്ടങ്ങളില്ലാതെ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നത് നിയമവ്യവസ്ഥയുടെ ലംഘനമാണെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

1995-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175(1), 175(2) പ്രകാരം ഗ്രാമപഞ്ചായത്തുകളാണ് വാർഷിക വികസന പദ്ധതികൾ തയ്യാറാക്കുന്നത്. ഒരു ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന വികസന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും ജില്ലയ്ക്ക്

മൊത്തത്തിൽ കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനും നിലവിലെ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി ആരംഭിക്കുന്ന ഈ അവസരത്തിൽ സുഗമമായും സുതാര്യമായും പദ്ധതികൾ തയ്യാറാക്കുന്നതിന് നിർണ്ണയിക്കപ്പെട്ട ഫോറം, രീതി, തീയതി എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും 2017-2018 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണമാകുമ്പോഴേയ്ക്കും ചട്ടങ്ങൾ കൊണ്ടുവരാൻ സർക്കാർ ശ്രമിക്കുന്നതാണെന്നും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി വ്യക്തമാക്കി.

(2) <u>ഭേദഗതിക്കനുസരിച്ചുള്ള മാറ്റം ഉൾക്കൊള്ളിക്കാത്തത് സംബന്ധിച്ച്</u>

2016 നവംബർ 9-ാം തീയതി 7.11.2016-ൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബില്ലിന്റെ പരിഗണനാവേളയിൽ നൽകിയ മറുപടിയിൽ നിന്ന് വ്യത്യസ്തമായി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് 35 മുതൽ 50 ശതമാനം വരെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് നിലവിലുണ്ടെന്നാണ് സാമാജികർക്ക് സർക്കുലേറ്റ് ചെയ്ത ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള നിയമത്തിന് അനുസൃതമല്ലാത്ത ഷെഡ്യൂളിൽ ഉൾപ്പെട്ട ബിൽ സർക്കുലേറ്റ് ചെയ്യുക വഴി ബില്ലിലെ വ്യവസ്ഥകൾ

അംഗങ്ങളിൽ നിന്നും മറച്ചുവയ്ക്കുകയും സഭയെ തെറ്റിദ്ധരിപ്പിക്കുകയുമാണുണ്ടായതെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനും നിയമനിർമ്മാണ കാര്യത്തിൽ സഭയുടെ അന്തസ്സത്ത കാത്തുസൂക്ഷിക്കാനും നിയമങ്ങളിൽ അടിക്കടിയുണ്ടാകുന്ന ഭേദഗതികൾ യഥാസമയം മാതൃനിയമത്തിൽ വരുത്തുന്നതിനുമാവശ്യമായ റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ആവശ്യപ്പെട്ടു.

2013-ൽ മൂലനിയമത്തിൽ മാറ്റം വരുത്തിയപ്പോൾ ചാർജിംഗ് സെക്ഷനിൽ നിന്നും സഹകരണബാങ്കുകളെ ഒഴിവാക്കിയെങ്കിലും ഷെഡ്യൂളിൽ മാറ്റം വരുത്തിയിട്ടില്ലായിരുന്നു. ചാർജിംഗ് സെക്ഷനിൽ ചേർക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട അംഗം ഭേദഗതി നിർദ്ദേശിച്ചത്. ചാർജിംഗ് സെക്ഷനിലില്ലാത്ത കാര്യം ഒഴിവാക്കേണ്ട ആവശ്യമില്ലെന്നും അപ്പീലുകളും മറ്റും സെറ്റിൽ ചെയ്യുമ്പോൾ ഷെഡ്യൂളിൽ നിലവിലുള്ള നിരക്ക് മതിയെന്ന മുൻ സർക്കാരിന്റെ നിലപാട് തുടർന്നുവരികയാണ് ചെയ്തതെന്നും ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി വ്യക്തമാക്കി.

(3) ആരോഗ്യ വകുപ്പുമന്ത്രി നടത്തിയ പരാമർശം

2016 നവംബർ 9-ാം തീയതി ചോദ്യോത്തരവേളയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജന്മാരെ

നിയമിച്ചിട്ടില്ലെന്ന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുകയും രണ്ടര വർഷത്തിനിടയിൽ 800 ഡോക്ടർമാരെ നിയമിച്ചുവെന്ന് രേഖാമൂലം നൽകിയ മറുപടിയിൽ വ്യക്തമാക്കുകയും ചെയ്തിരിക്കുകയാണെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രസ്താവന രേഖയിൽനിന്നും നീക്കം ചെയ്യണമെന്നും പ്രതിപക്ഷത്തെ ഒരംഗം ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"നിയമസഭ പാസ്സാക്കിയ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച പരാതികൾ സഭയിൽ ഉയർന്നുവന്നിട്ടുള്ള സന്ദർഭങ്ങളിലെല്ലാം ആവശ്യമായ റൂളിംഗ് ചെയറിൽ നിന്നും നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ പുരോഗതിയുണ്ടാകാത്ത സാഹചര്യത്തിൽ നിയമസഭാ നടപടികൾ പരിഷ്കരിക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി 12-ാം കേരള നിയമസഭയുടെ കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട നിയമസഭാ സമിതി മുന്നോട്ടുവച്ച ചില പ്രായോഗിക നിർദ്ദേശങ്ങൾ ചട്ടത്തിന്റെ ഭാഗമായി മാറ്റുകയുണ്ടായി. ഇത്തരത്തിൽപ്പെട്ട നിയമവ്യവസ്ഥ ഉണ്ടായിട്ടും സഭ

---

* XIV KLA/II Session Vol.163 Report No. 26 dated 09-11-2016

പാസ്സാക്കുന്ന പുതിയ നിയമങ്ങൾക്കനുസൃതമായ  ചട്ടങ്ങളുടെ നിർമ്മാണമോ നിലവിലുള്ള ചട്ടങ്ങളുടെ ഭേദഗതികളോ ഉദ്ദേശിച്ചത്ര കാര്യക്ഷമമായി നടക്കാത്ത സാഹചര്യത്തിൽ  നിയമസഭാ സെക്രട്ടേറിയറ്റ് പുതിയൊരു നടപടിക്രമം കൂടി നടപ്പാക്കിവരുന്നുണ്ട്. അതിൻപ്രകാരം നിയമനിർമ്മാണം നടത്തി ഗസറ്റിൽ വിജ്ഞാപനം ചെയ്താലുടൻ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി സെക്ഷൻ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും ഏതെങ്കിലും തരത്തിലുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ച വ്യവസ്ഥ പ്രസ്തുത നിയമത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള കരട് ചട്ടം തയ്യാറാക്കി മൂന്നു മാസത്തിനകം അതതു സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് വകുപ്പിനെ അറിയിക്കുകയും ഓർമ്മപ്പെടുത്തലുകൾ നടത്തുകയും ചെയ്യുന്നുണ്ടെങ്കിലും ആശാവഹമായ പുരോഗതി ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ സഭയുടേതായ പരിശോധന നടത്താൻ ചെയർ തീരുമാനിച്ചിരിക്കുന്ന കാര്യം അറിയിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 175 (1) പ്രകാരം നിർമ്മിക്കപ്പെടേണ്ട ചട്ടത്തെ സംബന്ധിച്ച ക്രമപ്രശ്നമാണ് ഉന്നയിക്കപ്പെട്ടത്. ഇതുസംബന്ധിച്ച്  ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ

വിശദീകരണവും ക്രമപ്രശ്നത്തിലെ ഉള്ളടക്കവും ചെയർ വിശദമായി പരിശോധിച്ചു. ഓരോ പഞ്ചായത്തിന്റെയും വരും വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കേണ്ട രീതി സംബന്ധിച്ചുള്ള ചട്ടങ്ങളാണ് സെക്ഷൻ 175(1) പ്രകാരം പുറപ്പെടുവിക്കേണ്ടിയിരുന്നത്. വികസന പദ്ധതികൾ തയ്യാറാക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ തമ്മിൽ ഐക്യരൂപം ഉണ്ടാക്കുന്നതിനും യാഥാർത്ഥ്യബോധത്തോടെയുള്ള വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും മുൻകയ്യെടുക്കണം. അപ്രകാരമുള്ള ചട്ടങ്ങൾ കൂടുതൽ കരുത്തേകുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

സംസ്ഥാനത്ത് പഞ്ചായത്ത്‌രാജ് നിയമം നിലവിൽ വന്ന് 22 വർഷം കഴിഞ്ഞിട്ടും അടിസ്ഥാന ചട്ടങ്ങൾപോലും നിർമ്മിക്കപ്പെടുന്ന കാര്യത്തിൽ മതിയായ പരിഗണന ലഭിച്ചില്ല എന്നത് ഖേദകരമാണ്. അടിസ്ഥാന കാര്യങ്ങളിന്മേലുള്ള ചട്ട നിർമ്മാണത്തിൽ അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കാൻ കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നൽകേണ്ടതാണെന്നും എല്ലാ സർക്കാർ വകുപ്പുകളും ഇതുസംബന്ധിച്ച ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും വീഴ്ചകൾ കണ്ടെത്തുന്ന കേസ്സുകളിൽ കർശന നടപടികൾ സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. ഇത്തരം

അടിസ്ഥാനപരമായ വിഷയങ്ങളിൽ ചെയറിൽനിന്നുണ്ടാകുന്ന റൂളിംഗുകൾ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊള്ളാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ശ്രീ. വി. എസ്. ശിവകുമാർ ഉന്നയിച്ച ക്രമപ്രശ്നത്തിനുമേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ലഭ്യമായിട്ടില്ലാത്തതിനാൽ ഇപ്പോൾ റൂളിംഗ് ആവശ്യമില്ല.

അടിയന്തരപ്രമേയ നോട്ടീസിന്മേൽ മറുപടി പറയവേ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ചോദ്യോത്തരവേളയിൽ ഉപചോദ്യത്തിന് മറുപടി പറയവേ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നടത്തിയ ചില പരാമർശങ്ങളും ചട്ടം 64 പ്രകാരമുള്ള പ്രസ്താവന നടത്തവെ ശ്രീ. ഇ. പി. ജയരാജൻ നടത്തിയ ചില പരാമർശങ്ങളും നീക്കം ചെയ്യണമെന്ന് ശ്രീ. പി. ടി. തോമസും ആവശ്യപ്പെടുകയുണ്ടായി. ചെയർ ഇക്കാര്യങ്ങൾ വിശദമായി

പരിശോധിച്ചപ്പോൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 307 പ്രകാരം അപകീർത്തികരമായ പരാമർശങ്ങളൊന്നുംതന്നെ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നോ ശ്രീ. ഇ. പി. ജയരാജന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ലെന്നാണ് കാണാൻ കഴിഞ്ഞത്. എന്നിരുന്നാലും അവ്യക്തമായും സംശയം ജനിപ്പിക്കത്തക്കരീതിയിലും സഭയിൽ കാര്യങ്ങൾ അവതരിപ്പിക്കാതിരിക്കാൻ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ വ്യക്തിപരമായ വിശദീകരണമടക്കം ചെയർ പരിശോധിക്കുകയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 307 പ്രകാരം അപകീർത്തികരമായ പരാമർശങ്ങളൊന്നുംതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്ന് മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യേണ്ടതില്ലെന്ന് റൂൾ ചെയ്യുന്നു.

വ്യക്തിപരമായ വിശദീകരണം നടത്തവെ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി, ശ്രീ. വി. ഡി.

സതീശനെതിരെ നടത്തിയ പരാമർശങ്ങൾ സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആവശ്യം ചെയർ വിശദമായി പരിശോധിച്ച് പ്രസ്തുത ഭാഗം നീക്കം ചെയ്തിട്ടുണ്ട്"